## CHAPTER: 6

A Life of service സേവന ജീവിതം.

ഗലാത്യ ലേഖന പഠനത്തിൽ നാം കണ്ടു- ദൈവം നമുക്ക് മോശയുടെ ന്യായപ്രമാണം ആചരിക്കുന്നതിൽ നിന്നും വിടുതലും സ്വാതന്ത്ര്യവും തന്നിരിക്കുന്നു എന്ന്.

എന്നാൽ നമുക്ക് ഒരു കാര്യം ശ്രദ്ധയോടെ കരുതണം. ക്രിസ്തുവിന്റെ കല്പനകൾ പാലിക്കാൻ നാം കടപ്പെട്ടിരിക്കുന്നു എന്ന്. ഇതിനായി നമ്മെ സഹായിക്കാൻ ദൈവം തന്റെ ആത്മാവിന്റെ സഹായം നമുക്കു നല്കിയിരിക്കുന്നു.

കർത്താവ് പഠിപ്പിച്ചത് ത്യാഗത്തിന്റെ മാർഗ്ഗമത്രെ. തെറ്റിപ്പോകുന്നവരോട് സൗമ്യത യോടെ ഇടപെടുവാൻ, കഷ്ടം സഹിക്കുന്നവരെ ചെന്നു കണ്ടു കൈത്താങ്ങു കൊടുത്തു സഹായിക്കുവാൻ, വചനം പഠിപ്പിക്കുന്നവരെ മാനിക്കുവാൻ എല്ലാം എല്ലാം സാധിക്ക ണമെങ്കിൽ അതിനു ധാരാളമായി ത്യാഗമനോഭാവം ഉണ്ടായിരിക്കണം.

Gal 6:1 തെറ്റു ചെയ്ത വ്യക്തിയെ എങ്ങനെ കാണണം. പാപത്തിൽ അകപ്പെട്ട ഒരു വിശ്വാസി യോടുള്ള സഭയുടെ സമീപനം എന്ത്?

ന്യായപ്രമാണപ്രകാരം എന്തു ചെയ്യണം എന്ന് നമുക്ക് നോക്കാം.

(1) John 8:3-5

John 8:3-5 *യേശു അവനോടു: ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു; പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയകയില്ല എന്നു ഉത്തരം പറഞ്ഞു. നിക്കോദെമൊസ് അവനോടു: മനുഷ്യൻ വൃദ്ധനായശേഷം ജനിക്കുന്നതു എങ്ങനെ? രണ്ടാമതും അമ്മയുടെ ഉദരത്തിൽ കടന്നു ജനിക്കാമോ എന്നു ചോദിച്ചു. അതിന്നു യേശു: ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു: വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല.*

കുറ്റം ചെയ്തവളെ കൊണ്ടുവന്ന് യേശുവിൻ മുമ്പിൽ നിർത്തിയിട്ട് പരീശന്മാർ ചോദിച്ചത് നാം വായിക്കുന്നു.

കർത്താവ് അവളോടു പറഞ്ഞു. John 8:7 (നിങ്ങളിൽ പാപമില്ലാത്തവൻ അവളെ ഒന്നാ മത് കല്ലെറിയട്ടെ.)

നാം വായിക്കുന്നു. "ഓരോരുത്തൻ സ്ഥലം വിട്ടു" എന്ന്.

ഒടുവിൽ സ്ത്രീ മാത്രം ശേഷിച്ചു. കർത്താവ് അവളോടു പറഞ്ഞു: ഞാനും നിനക്ക് ശിക്ഷ വിധിക്കുന്നില്ല. പോകൂ ഇനി പാപം ചെയ്യരുത്.

(2) Acts 21:27-29

Acts 21:27-29 *ആ ഏഴു ദിവസം തീരാറായപ്പോൾ ആസ്യയിൽ നിന്നു വന്ന യെഹൂദന്മാർ അവനെ ദൈവാലയത്തിൽ കണ്ടിട്ടു പുരുഷാരത്തെ ഒക്കെയും ഇളക്കി അവനെ പിടിച്ചു; യിസ്രായേൽപുരുഷന്മാരേ, സഹായിപ്പിൻ ഇവൻ ആകുന്നു ജനത്തിന്നും ന്യായപ്രമാണത്തിന്നും ഈ സ്ഥലത്തിന്നും വിരോധമായി എല്ലായിടത്തും എല്ലാവരെയും ഉപദേശിക്കുന്നവൻ; അവൻ യവനന്മാരെയും ദൈവാലയത്തിൽ കൂട്ടിക്കൊണ്ടുവന്നു ഈ വിശുദ്ധ സ്ഥലം തീണ്ടിച്ചുകളഞ്ഞു എന്നു വിളിച്ചുക്കുകി. അവർ മുമ്പെ എഫെസ്യനായ ത്രോഫിമോസിനെ അവനോടുകൂടെ നഗരത്തിൽ കണ്ടതിനാൽ പൗലൊസ് അവനെ ദൈവാലത്തിൽ കൂട്ടിക്കൊണ്ടുവന്നു എന്നു നിരൂപിച്ചു.*

പൗലൂസിനെ ദേവാലയത്തിൽ കണ്ട നേരം യഹൂദന്മാർ ചെയ്തത് ഈ വാക്യത്തിൽ വിവരിക്കുന്നു.

എന്നാൽ ന്യായപ്രമാണം ഉപദേശിക്കുന്ന ശിക്ഷാനിയമത്തിനു നേരെ വിപരീതമാണ് ക്രിസ്തീയ സ്നേഹത്തിന്റെ പ്രവൃത്തി.

അതു Restoration അത്രെ. വീണ്ടെടുക്കലാണ്. യഥാസ്നാനപ്പെടുത്തലാണ്. ഗ്രീക്കിൽ

fleettech@gmail.com

ഈ വാക്ക് അസ്ഥികൾ കൂട്ടിച്ചേർക്കുന്നതിനും, കീറിയ വല കേടുപോക്കുന്നതിനും ഉപയോഗിക്കുന്ന വാക്കു തന്നെ. അതാണ് "യഥാസ്നാനപ്പെടുത്തൽ". ഈ യഥാസ്നാനപ്പെടുത്തുന്ന ശുശ്രൂഷ ചെയ്യാൻ ആർക്കാണ് യോഗ്യത? "ആത്മീകരായ നിങ്ങൾ" You spiritual persons !! [ Gal 5:16]

പരിശുദ്ധാത്മനിറവിൽ നടക്കുന്ന വിശ്വാസികൾ. അതുപോലെ തന്നെ ആത്മീക പക്വത വന്നവർ.

1 Cor : 2:15 *ആത്മികനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല.*

Heb 5:13-14 *പാൽ കുടിക്കുന്നവൻ എല്ലാം നീതിയുടെ വചനത്തിൽ പരിചയമില്ലാത്തവനത്രേ; അവൻ ശിശുവല്ലോ. കട്ടിയായുള്ള ആഹാരം നന്മതിന്മകളെ തിരിച്ചറിവാൻ തഴക്കത്താൽ അഭ്യസിച്ച ഇന്ദ്രിയങ്ങളുള്ളവരായി പ്രായം തികഞ്ഞവർക്കേ പറ്റുകയുള്ളു.*

2 Cor 13:9 *ഞങ്ങൾ ബലഹീനരും നിങ്ങൾ ശക്തരും ആയിരിക്കുമ്പോൾ ഞങ്ങൾ സന്തോഷിക്കുന്നു; നിങ്ങളുടെ യഥാസ്ഥാനത്വത്തിന്നായി തന്നേ ഞങ്ങൾ പ്രാർത്ഥിക്കുന്നു.*

1Cor 1:10 *സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒന്നു തന്നേ സംസാരിക്കയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏകമനസ്സിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും വേണം എന്നു ഞാൻ നിങ്ങളെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി പ്രബോധിപ്പിക്കുന്നു.*

ഈ യഥാസ്നാനപ്പെടുത്തൽ ശുശ്രൂഷ എങ്ങനെ ചെയ്യണം? സൗമ്യതയുടെ ആത്മാവിൽ. gently. അതും ഒരു കാര്യം, ഈ ശുശ്രൂഷയിൽ ഏർപ്പെടുന്നവർ ഓർക്കണം. ആർക്കും തെറ്റു സംഭവിക്കാം - ലോകത്തിൽ ജീവിക്കുന്നിടത്തോളം കാലം പോരാട്ടം നിലനിൽക്കുന്നു. വീഴാൻ എല്ലാവർക്കും സാധ്യതയുണ്ട്. [1Cor 10:12] താൻ നിൽക്കുന്നു എന്ന് തോന്നുന്നവൻ വീഴാതിരിപ്പാൻ സൂക്ഷിക്കട്ടെ.

1Cor 10:12 *ആകയാൽ താൻ നിലക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ.*

Gal 6:2 എല്ലാ വിശ്വാസികൾക്കുമുള്ള ഉപദേശമത്രെയിത്. യഥാസ്നാനപ്പെടുത്തൽ ശുശ്രൂഷ ആത്മീകർ നിറവേറ്റുന്നു. എന്നാൽ തമ്മിൽതമ്മിൽ ഭാരങ്ങളെ ചുമക്കുക എന്നത് എല്ലാവരുടെയും ജോലിയാണ്. സഭാംഗങ്ങൾ പാപത്തിൽ വീഴാതെ, പോരാട്ടത്തിൽ തളരാതെ, പരീക്ഷയിൽ അകപ്പെടാതെ ഇരിക്കണമെങ്കിൽ സഭ മുഴുവൻ പരസ്പരം കൈത്താങ്ങൽ കൊടുക്കുന്നവരും, തമ്മിൽതമ്മിൽ ഭാരങ്ങളെ ചുമന്ന് ദൈവസന്നിധിയിൽ മധ്യസ്ഥത നിറവേറ്റുന്നവരും ആയിരിക്കണം.

John 13:34 *നിങ്ങൾ തമ്മിൽതമ്മിൽ സ്നേഹിക്കേണം എന്നു പുതിയോരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽതമ്മിൽ സ്നേഹിക്കേണം എന്നു തന്നേ.*

Gal 5:14 *കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കേണം. എന്നുള്ള ഏകവാക്യത്തിൽ ന്യായപ്രമാണം മുഴുവനും അടങ്ങിയിരിക്കുന്നു.*

Rom 15:1-3 *എന്നാൽ ശക്തരായ നാം അശക്തരുടെ ബലഹീനതകളെ ചുമക്കുകയും നമ്മിൽ തന്നേ പ്രസാദിക്കാതിരിക്കയും വേണം. നമ്മിൽ ഓരോരുത്തൻ കൂട്ടുകാരനെ നന്മെക്കായിട്ടു ആത്മികവർദ്ധനെക്കു വേണ്ടി പ്രസാദിപ്പിക്കേണം. 'നിന്നെ നിന്ദിക്കുന്നവരുടെ നിന്ദ എന്റെ മേൽ വീണു' എന്നു എഴുതിയിരിക്കുന്നതു പോലെ ക്രിസ്തുവും തന്നിൽ തന്നേ പ്രസാദിച്ചില്ല.*

1Cor 9:21 *ദൈവത്തിന്നു ന്യായപ്രമാണമില്ലാത്തവൻ ആകാതെ ക്രിസ്തുവിന്നു ന്യായപ്രമാണമുള്ളവനായിരിക്കെ, ന്യയപ്രമാണമില്ലാത്തവരെ നേടേണ്ടതിന്നു ഞാൻ ന്യായപ്രമാണമില്ലാത്തവർക്കും ന്യായപ്രമാണമില്ലാത്തവനെപ്പോലെ ആയി.*

fleettech@gmail.com

| | |
|---|---|
| Mat 18:15 | *നിന്റെ സഹോദരൻ നിന്നോടു പിഴെച്ചാൽ നീ ചെന്നു നീയും അവനും മാത്രം ഉള്ളപ്പോൾ കുറ്റം അവന്നു ബോധം വരുത്തുക; അവൻ നിന്റെ വാക്കു കേട്ടാൽ നീ സഹോദരനെ നേടി.* |
| Gal 6:3-4 | ആരും പരീക്ഷയ്ക്കു അതീതരല്ല. പരാജയവും തെറ്റും ആർക്കും ഏതു സമയവും സംഭവിക്കാം. എന്നാൽ തന്റെ സ്വന്തം കുറവുകളെയും പരാജയങ്ങളെയും മറച്ചു വെച്ചുകൊണ്ട് മറ്റൊരുവന്റെ ഭാരം ചുമക്കാൻ ആത്മാർത്ഥമായി പറഞ്ഞാൽ കഴിയുക യേയില്ല. |
| | അല്പനായിരിക്കേ മഹാൻ എന്നു നടിച്ചാൽ അതു ഫലം കൊടുക്കില്ല. മറ്റുള്ളവരുടെ തെറ്റുകളെ വിട്ടുവീഴ്ച ഒട്ടും ഇല്ലാത്ത വിധം intolerant ആയി കണ്ട് അങ്ങനെ പ്രതിക രിച്ചാൽ അത് ഒട്ടും തന്നെ ഭാരം താങ്ങുന്ന വിധം ആകയില്ല. Rom 12:3 ഭാവിക്കേണ്ട തിനു മീതേ ഭാവിച്ചുയരാതിരിക്കുക. |
| Rom 12:3 | *ഭാവിക്കേണ്ടതിന്നു മീതെ ഭാവിച്ചുയരാതെ ദൈവം അവനവന്നു വിശ്വാസത്തിന്റെ അളവു പങ്കിട്ടതുപോലെ സുബോധമാകുംവണ്ണം ഭാവിക്കേണമെന്നു ഞാൻ എനിക്കു ലഭിച്ച കൃപയാൽ നിങ്ങളിൽ ഓരോരുത്തനോടും പറയുന്നു.* |
| | അവരവരുടെ യഥാർത്ഥസ്ഥിതി അറിയാൻ സ്വയം ശ്രമിക്കണം Test own actions. |
| 1Pet 1:7 | *അഴിഞ്ഞുപോകുന്നതും തീയിൽ ശോധന കഴിക്കുന്നതുമായ പൊന്നിനെക്കാൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന വിലയേറിയതു എന്നു യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പുകഴ്ചെക്കും തേജസ്സിന്നും മാനത്തിന്നുമായി കാണ്മാൻ അങ്ങനെ ഇടവരും.* |
| | നമ്മുടെ ജീവിതത്തിൽ വിശ്വാസത്തിന്റെ പരിശോധന ഉണ്ടാവണം. മറ്റുള്ളവരുമായി താരതമ്യപ്പെടുത്തി നോക്കാനല്ല – ദൈവം തമ്പുരാൻ തന്റെ ജീവിതത്തിൽ ചെയ്ത തിനെ ഓർത്ത് തന്റെ യഥാർത്ഥ സ്ഥിതിയെ പരിശോധിച്ചു ശോധന ചെയ്യണം അങ്ങനെ ചെയ്യുന്നവൻ സ്വന്തം പ്രശംസ തങ്ങളിൽ തന്നെ അടക്കി വയ്ക്കുന്നവൻ ആയിരിക്കും. |
| Gal 6:5 | ഇവിടെ പറയുന്ന ഭാരം – ഓരോ വ്യക്തിയെയും ദൈവം ഏല്പിച്ചിരിക്കുന്ന ഉത്തര വാദിത്വങ്ങളാണ്. അത് താരതമ്യപ്പെടുത്തുന്നത് ഒരു പട്ടാളക്കാരൻ ചുമന്നു കൊണ്ടു നടക്കുന്ന തന്റെ സാമഗ്രികളുടെ ചുമടിനെയാണ് ഗ്രീക്കിൽ "ഭാരം" എന്നുപയോഗി ക്കുന്ന വാക്ക് കാണിക്കുന്നത്. |
| | Gal 6:2 ൽ പറയുന്ന ഒരു വ്യക്തിക്കു താങ്ങാൻ കഴിയാത്ത ഭാരങ്ങളെ വിശ്വാസി സഹായിക്കണം എന്നു പറയുന്ന ആ ഭാരമല്ല ഈ 6:5 ൽ ഉള്ളത്. |
| | നമ്മെ തമ്പുരാൻ ഏല്പിച്ച ജോലി നാം തന്നെ ചെയ്യണം. |
| Math 11:30 | *എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു.* |
| | അത്തരം ചുമടുകൾ ലഘുവാണെന്ന് കർത്താവ് തന്നെ പറഞ്ഞിട്ടും ഉണ്ട്. |
| Gal 6:6 | Toward pastor - Teacher |
| | സ്വമേധയാ കർത്താവിന്റെ വേലക്ക് വിശ്വാസികൾ കൊടുക്കണം. പഴയ നിയമ കാലത്ത് " Temple Tax"യഹൂദനിൽ നിന്നു വാങ്ങിയിരുന്നു. അത്തരം Tax ചുമത്തൽ ക്രിസ്തീയ സഭയ്ക്ക് ഇല്ല. എന്നാൽ നാം ആത്മീക നന്മകൾ പ്രാപിക്കുമ്പോൾ, ആത്മീക നന്മകൾ നേടുവാൻ നമുക്കു വേണ്ടി അദ്ധ്വാനിക്കുന്ന കർത്തൃദാസന്മാരേ സഹായിക്കാനും നില നിർത്താനും വിശ്വാസിക്കു കടപ്പാടുണ്ട്. |
| 1 Cor 9:7-14 | *സ്വന്ത ചെലവിന്മേൽ യുദ്ധസേവ ചെയ്യുന്നവൻ ആർ? മുന്തിരിത്തോട്ടം ഉണ്ടാക്കി അതിന്റെ ഫലം തിന്നാതിരിക്കുന്നവൻ ആർ? ആട്ടിൻ കൂട്ടത്തെ മേയിച്ചു കൂട്ടത്തിന്റെ പാൽകൊണ്ടു ഉപജീവിക്കാതിരിക്കുന്നവൻ ആർ? ഞാൻ ഇതു മനുഷ്യരുടെ മര്യാദപ്രകാരമോ പറയുന്നതു? ന്യായപ്രമാണവും ഇങ്ങനെ പറയുന്നില്ലയോ? 'മെതിക്കുന്ന കാളെക്കു മുഖക്കൊട്ട കെട്ടരുതു' എന്നു മോശെയുടെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നുവല്ലോ; ദൈവം കാളെക്കു വേണ്ടിയോ* |

fleettech@gmail.com

*ചിന്തിക്കുന്നതു? അല്ല, കേവലം നമുക്കു വേണ്ടി പറയുന്നതോ? അതേ, ഉഴുന്നവൻ ആശയോടെ ഉഴുകയും മെതിക്കുന്നവൻ പതം കിട്ടും എന്നുള്ള ആശയോടെ മെതിക്കയും വേണ്ടതാകയാൽ നമുക്കു വേണ്ടി എഴുതിയിരിക്കുന്നതത്രെ. ഞങ്ങൾ ആത്മീകമായതു നിങ്ങൾക്കു വിതെച്ചിട്ടു നിങ്ങളുടെ ഐഹികമായതു കൊയ്താൽ വലിയ കാര്യമോ? മറ്റുള്ളവർക്കും നിങ്ങളുടെ മേൽ ഈ അധികാരം ഉണ്ടെങ്കിൽ ഞങ്ങൾക്കു എത്ര അധികം? എങ്കിലും ഞങ്ങൾ ഈ അധികാരം പ്രയോഗിച്ചിട്ടില്ല; ക്രിസ്തുവിന്റെ സുവിശേഷത്തിന്നു യാതൊരു വിഘ്നവും വരുത്താതിരിപ്പാൻ സകലവും പൊറുക്കുന്നു. ദൈവാലയകർമ്മങ്ങൾ നടത്തുന്നവർ ദൈവാലയംകൊണ്ടു ഉപജീവിക്കുന്നു എന്നും യാഗപീഠത്തിങ്കൽ ശുശ്രൂഷചെയ്യുന്നവർ യാഗപീഠത്തിലെ വഴിപാടുകളിൽ ഓഹരിക്കാർ ആകുന്നു എന്നും നിങ്ങൾ അറിയുന്നില്ലയോ? അതുപോലെ കർത്താവും സുവിശേഷം അറിയിക്കുന്നവർ സുവിശേഷത്താൽ ഉപജീവിക്കേണം എന്നു കല്പിച്ചിരിക്കുന്നു.*

Phil 4:14-19 *എങ്കിലും എന്റെ കഷ്ടതയിൽ നിങ്ങൾ കൂട്ടായ്മ കാണിച്ചതു നന്നായി. ഫിലിപ്പിയരേ, സുവിശേഷഘോഷണത്തിന്റെ ആരംഭത്തിൽ ഞാൻ മക്കദോന്യയിൽനിന്നു പുറപ്പെട്ടാറെ നിങ്ങൾ മാത്രമല്ലാതെ ഒരു സഭയും വരവുചിലവുകാര്യത്തിൽ എന്നോടു കൂട്ടായ്മ കാണിച്ചില്ല എന്നു നിങ്ങളും അറിയുന്നു. തെസ്സലൊനീക്യയിലും എന്റെ ബുദ്ധിമുട്ടു തീർപ്പാൻ നിങ്ങൾ ഒന്നുരണ്ടുവട്ടം അയച്ചു തന്നുവല്ലോ. ഞാൻ ദാനം ആഗ്രഹിക്കുന്നു എന്നല്ല, നിങ്ങളുടെ കണക്കിലേക്കു ഏറുന്ന ഫലം അത്രേ ആഗ്രഹിക്കുന്നതു. ഇപ്പോൾ എനിക്കു വേണ്ടുന്നതു എല്ലാം ഉണ്ടു; സമൃദ്ധിയായുമിരിക്കുന്നു; നിങ്ങൾ അയച്ചുതന്നതു സൌരഭ്യവാസനയായി ദൈവത്തിന്നു പ്രസാദവും സുഗ്രാഹ്യവുമായ യാഗമായി എപ്പഫ്രൊദിത്തോസിന്റെ കയ്യാൽ ഞാൻ പ്രതിഗ്രഹിച്ചു തൃപ്തനായിരിക്കുന്നു. എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടു ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിന്നൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും.*

1 Tim 5:17 *നന്നായി ഭരിക്കുന്ന മൂപ്പന്മാരെ, പ്രത്യേകം വചനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കുന്നവരെ തന്നേ, ഇരട്ടി മാനത്തിന്നു യോഗ്യരായി എണ്ണുക.*

6-ാം അദ്ധ്യായത്തിൽ ഒരു വിശ്വാസിയുടെ സേവന ജീവിതത്തെപ്പറ്റിയാണ് പറഞ്ഞത്. തെറ്റിൽ അകപ്പെട്ടവരോട് എങ്ങനെ ഇടപെടണം. ആർക്കും തെറ്റ് സംഭവിക്കാം.എല്ലാവർക്കും പോരാട്ടം ഉണ്ട്. അതുകൊണ്ട് സൗമ്യതയുടെയും സ്നേഹത്തിന്റെയും ആത്മാവിലുള്ള യഥാസ്നാനപ്പെടുത്തൽ ആണ് വേണ്ടത്. അതുപോലെ തന്നെ ഓരോ വിശ്വാസിയും ജഡീകരായി ജീവിക്കാതെ ആത്മീകരായി ജീവിക്കാനായി കരുതലോടെ ശ്രമിക്കണം.

പിന്നെ പറഞ്ഞു കർത്താവിന്റെ വേലയ്ക്ക് സ്വമേധയാ സൗമനസ്സോടെ തങ്ങളാൽ അവതു കൊടുക്കണം.

Gal 6:7-8 ഈ മുൻ പറഞ്ഞ കാര്യങ്ങളുടെ ഒരു വിശദീകരണമാണ് ഈ വാക്യങ്ങൾ. "ദൈവത്തെ പരിഹസിച്ചു കൂടാ"എന്നൊരു പ്രസ്താവന." God cannot be mocked" ദൈവത്തിന്റെ സൃഷ്ടിയായ ഈ പ്രപഞ്ചത്തിൽ ദൈവത്തിന്റെ മാറ്റം വരുത്താൻ കഴിയാത്ത ഒരു നിയമം നിലനില്ക്കുന്നു. "ഒരുവൻ വിതക്കുന്നതു തന്നെ കൊയ്യും"

"A man reaps what he sows".

2 Cor 9:6 *എന്നാൽ ലോഭമായി വിതെക്കുന്നവൻ ലോഭമായി കൊയ്യും; ധാരാളമായി വിതെക്കുന്നവൻ ധാരളമായി കൊയ്യും എന്നു ഓർത്തുകൊൾവിൻ.*

Hosea 8:7 *അവർ കാറ്റു വിതെച്ചു, ചുഴലിക്കാറ്റു കൊയ്യും; അതിന്നു തണ്ടില്ല, ഞാറു മാവിനെ നൽകുകയുമില്ല; നല്കിയാലും അന്യജാതികൾ അതിനെ വിഴുങ്ങിക്കളയും.*

Rom 8:13 *നിങ്ങൾ ജഡത്തെ അനുസരിച്ചു ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം; ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും.*

fleettech@gmail.com

Job 4:8 *ഞാൻ കണ്ടേടത്തോളം അന്യായം ഉഴുതു കഷ്ടത വിതെക്കുന്നവർ അതു തന്നേ കൊയ്യുന്നു.*

ഓരോ മനുഷ്യനും തീരുമാനിക്കാൻ അവകാശമുണ്ട്. "എന്ത് വിതക്കണം എന്ന്." ഒരു വ്യക്തി തന്റെ ജീവിതത്തിൽ ജഢത്തിന്റെ അഭിലാഷങ്ങളുടെ പിന്നാലെ അതിനെ തൃപ്തിപ്പെടുത്താനായി തന്റെ പണവും സമയവും വിനിയോഗിക്കുന്നുവെങ്കിൽ അതിനു യോഗ്യമായതു തന്റെ ജീവിതത്തിൽ സംഭവിക്കും.

ഇത് പ്രകൃതി നിയമം. He will reap what he sowed.

നേരെ മറിച്ച് ഒരുവൻ തന്റെ ധനം, സമയം, ജീവിതം ആത്മീക കാര്യങ്ങൾക്ക്, ദൈവ സഭയുടെ കെട്ടുപണിക്ക്, സുവിശേഷത്തിന്റെ വ്യാപ്തിക്കു ചെലവാക്കുന്നുവെങ്കിൽ അതിന്റെ ഫലം നിത്യജീവിനിലേക്കുള്ള വലിയ സമ്പാദ്യം ആയിരിക്കും. തീർച്ച.

John 3:15 *അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിന്നു തന്നേ.*

James 3:18 *എന്നാൽ സമാധാനം ഉണ്ടാക്കുന്നവർ സമാധാനത്തിൽ വിതെച്ചു നീതി എന്ന ഫലം കൊയ്യും.*

Gal 6:9 "നന്മചെയ്കയിൽ നാം മടുത്തു പോകരുത്". ധാരാളം വിതച്ചു. പക്ഷേ ഫലം കാണുന്നില്ല. പല സുവിശേഷകരും നേരിടുന്ന പ്രശ്നം. എന്നാൽ ദൈവാത്മാവ് ഓരോ വിശ്വാസിയോടും പറയുന്നു. "മടുത്തു പോകരുതേ, ക്ഷീണിച്ചു തളർന്നു പോകരുതേ". ദൈവം തമ്പുരാൻ തക്കസമയത്ത് ഫലം തരും. പോരാട്ടം നിർത്തരുത്. സുവിശേഷ ഘോഷണം നിർത്തരുത്. പ്രാർത്ഥന നിർത്തരുത്.

1Cor 15:58 *ആകയാൽ എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്നു അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചുവരുന്നവരും ആകുവിൻ .*

Psalm 126:5 *കണ്ണുനീരോടെ വിതെക്കുന്നവർ ആർപ്പോടെ കൊയ്യും.*

Gal 6:10 എല്ലാവർക്കും നന്മ ചെയ്യാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. സകല മനുഷ്യർക്കും നന്മ ചെയ്യണം. ഭവനത്തിനുള്ളിലുള്ള അനുഗ്രഹം നാം അയൽക്കാരുമായി കൂടെ പങ്കുവയ്ക്കണം. സഹസഹോദരങ്ങളെ സഹായിക്കണം. അത് പ്രഥമമായ കടപ്പാട്. എന്നാൽ സകല മനുഷ്യരോടും നമുക്ക് ഉത്തരവാദിത്വം ഉള്ളത് നാം എല്ലായ്പ്പോഴും ഓർക്കണം.

Prov 3:27 *നന്മ ചെയ്വാൻ നിനക്കു പ്രാപ്തിയുള്ളപ്പോൾ അതിന്നു യോഗ്യന്മാരായിരിക്കുന്നവർക്കും ചെയ്യാതിരിക്കരുതു.*

Titus 2:14 *അവൻ നമ്മെ സകല അധർമ്മത്തിൽനിന്നും വീണ്ടെടുത്തു സൽപ്രവൃത്തികളിൽ ശുഷ്കാന്തിയുള്ളോരു സ്വന്തജനമായി തനിക്കു ശുദ്ധീകരിക്കേണ്ടതിന്നു തന്നെത്താൻ നമുക്കുവേണ്ടി കൊടുത്തു.*

ഓരോ വിശ്വാസിയും തങ്ങളുടെ വ്യക്തിജീവിതത്തിൽ ഈ ഉത്തരവാദിത്വത്തെ കാണണം. Social service to suffering humans - അതിനുവേണ്ടി ഓരോരുത്തരും സഹായഹസ്തം നീട്ടണം. ദൈവം നല്കിയ നന്മ നാം സമൂഹത്തിലെ കഷ്ടം സഹിക്കുന്നവരെ സഹായിക്കാൻ വേണ്ടി വിനിയോഗിക്കണം.

**CONCLUSION**

Gal 6:11 Paul's Autograph

വി.പൗലൂസ് തന്റെ ലേഖനങ്ങളൊക്കെയും എഴുതുമ്പോൾ അത് പറഞ്ഞു കൊടുക്കുകയും അത് അപ്പോഴപ്പോൾ തന്നെ കേട്ട് എഴുതുവാൻ ഒരു സഹായിയെ ചുമതലപ്പെടുത്തുകയും ചെയ്യുമായിരുന്നു.

കത്തിന്റെ അവസാനമാകുമ്പോൾ പൗലൂസ് തന്നെ സ്വന്തം കൈപ്പടയിൽ കത്ത് പൂർത്തീകരിക്കുന്നു. ഇവിടെ പറയയുന്നു എത്ര വലിയ അക്ഷരമായി എഴുതിയിരിക്കുന്നു" എന്ന്.

fleettech@gmail.com

ഇതിന്റെ കാരണം നിരൂപിക്കപ്പെടുന്നത് പൗലൂസിന്റെ മാറിപ്പോകാത്ത ശൂലമായി തന്റെ കണ്ണിനു ബാധിച്ചിരുന്ന രോഗം തന്നെയായിരിക്കാം. ചെറിയ അക്ഷരം വായിക്കാൻ ബുദ്ധിമുട്ട് ഉണ്ടായിരിക്കാം. അതുകൊണ്ട് വലിയ അക്ഷരമായി എഴുതിയെന്ന് കരുതുന്നു. തന്റെ സ്വന്തം കൈപ്പട ഉപയോഗിക്കുമ്പോൾ കത്തിനു കൂടുതൽ ആധികാരികതയും ഉറപ്പാക്കാൻ കഴിയും.

Gal 6:12-13 യഹൂദാമതാനുസാരികളായി നിൽക്കാൻ ഗലാതൃസഭയെ പ്രേരിപ്പിക്കുന്ന Judaizers എന്തുകൊണ്ട് ഗലാതൃ വിശ്വാസികൾ പരിഛേദന ഏല്ക്കണം എന്ന് നിർബന്ധിക്കുന്നു?

1. മനുഷ്യരെ പ്രസാദിപ്പിക്കുവാൻ - അതായത് യഹൂദന്മാരെ പ്രീതിപ്പെടുത്തുവാൻ ക്രിസ്തീയ വിശ്വാസത്തിലേക്ക് വന്ന യഹൂദന്മാർ ജാതികളുമായി സംസർഗ്ഗത്തിൽ ജീവിക്കുന്നത് യഹൂദന്മാർക്ക് വലിയ എതിർപ്പുളവാക്കി. എന്നാൽ അവർ പരിഛേദന ഏറ്റാൽ കുറേക്കൂടി സ്വീകാര്യമായ ഒരു നില ഉണ്ടാകും എന്ന് Judaizers ചിന്തിച്ചു.

2. ക്രൂശ് ഒരു വലിയ ഇടർച്ച ആയിരുന്നു യഹൂദന്. യേശുക്രിസ്തുവിന്റെ ക്രൂശുമരണവും യാഗവും വിശ്വാസത്താൽ ഏറ്റെടുക്കുന്നവർ രക്ഷിക്കപ്പെടുന്നു എന്നത് അവർക്ക് ഒട്ടും സ്വീകരിക്കാൻ കഴിയാത്ത വിഷയം ആയിരുന്നു. അതിനാൽ വിശ്വാസവും പ്രവൃത്തിയും കൂടെ ഒന്നിച്ചു ചേർത്ത് "രക്ഷയ്ക്കായി അവശ്യമുള്ളത് വിഷയമായി പ്രസംഗിക്കാൻ യഹൂദന്മാരിൽ നിന്നുമുള്ള "പീഢ' ഒഴിവാക്കാമെന്ന് Judaizers ചിന്തിച്ചു.

യേശുക്രിസ്തുവിങ്കലുള്ള വിശ്വാസത്തോടുകൂടി ന്യായപ്രമാണത്തിന്റെ പ്രവൃത്തി (circumcision) കൂടി കൂട്ടിച്ചേർത്ത് അവർ പ്രസംഗിക്കാൻ തുടങ്ങി.

Gal 6:14 എന്തായിരിക്കണം ഒരു ക്രിസ്തീയ വിശ്വാസിയുടെ, ദൈവപൈതലിന്റെ പ്രശംസാ സംഗതി.?

യേശുക്രിസ്തുവിന്റെ ക്രൂശ്. The Cross of Christ. യഹൂദനു ക്രൂശിനെപ്പറ്റി നിന്ദയോടു മാത്രമേ കേൾക്കാൻ കഴിയൂ. ലോകം നോക്കുമ്പോൾ ക്രിസ്ത്യാനി പ്രസംഗിക്കുന്നു. "നിന്ദ്യമായ ക്രൂശുമരണത്തെ" അവർ പ്രശംസിക്കുന്നു യേശുക്രിസ്തുവിൻ യാഗ രക്തത്തെ. ലോകത്തിന്റെ സാമൂഹിക സാംസ്കാരിക രംഗം ജഡാഭിലാഷങ്ങൾക്കും അതിന്റെ ആകർഷണ വിഷയങ്ങൾക്കും വെമ്പൽ കൊണ്ടു മുമ്പോട്ടു പോകുമ്പോൾ ഇതാ വിശ്വാസിയുടെ ജീവിതത്തെപ്പറ്റി വി.പൗലൂസ് വ്യക്തമാക്കുന്നു

Gal 2:20 "ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു." ലോകവും ലോക ഉല്ലാസങ്ങളും ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം "ക്രൂശിക്കപ്പെട്ടവയത്രെ."

we do not live for the flesh, for the world. We live for Christ.

Gal 6:15 ക്രിസ്തുവിനെയും ക്രൂശിനെയും നമ്മുടെ ജീവിതത്തെയും ഈ പുതിയ കാഴ്ചപ്പാടിൽ കാണുമ്പോൾ, "നാം പുതു സൃഷ്ടിയാണ്" എന്ന കാഴ്ചപ്പാട് ശക്തമായി നമ്മിൽ ക്രിയ ചെയ്യും. ഇങ്ങനെയുള്ള അനുഭവത്തിന് ഒരു ബാഹ്യമായ അടയാളവും (പരിഛേദന)യും ആവശ്യമില്ല. പരിഛേദനയോ അഗ്രചർമ്മമോ ഒന്നും ഇവിടെ പ്രസക്തമല്ല.

Gal 6:16 കൃപയാൽ ഉള്ള ഈ രക്ഷ വിശ്വാസത്താൽ സ്വന്തമാക്കിയ വിശ്വാസിക്കു ദൈവം കൊടുക്കുന്നു "സമാധാനവും കരുണയും". ഈ ആശിർവാദ വചനം ഗലാതൃ വിശ്വാസിയെയും വിശ്വസിക്കുന്ന യഹൂദാ ക്രിസ്ത്യാനിയെയും സംബോധന ചെയ്ത് വി. പൗലൂസ് ആശംസിക്കുന്നു.

ഉപയോഗിക്കുന്ന വാക്ക് ശ്രദ്ധിക്കുക – "ദൈവത്തിന്റെ യിസ്രായേൽ". "Israel of God" ഇത് ആരെപ്പറ്റി? തീർച്ചയായും വിശ്വാസത്താൽ രക്ഷ സ്വന്തമാക്കിയ യഹൂദാ ക്രിസ്ത്യാനിയെപ്പറ്റിത്തന്നെ എന്നതിനു തർക്കം വേണ്ട. അതാണ് ദൈവത്തിന്റെ യിസ്രായേൽ. അതാണ് യഥാർത്ഥത്തിൽ അബ്രഹാമിന്റെ മക്കൾ.

Rom 9:6 *ആമേൻ . ദൈവവചനം വൃഥാവായിപ്പോയി എന്നല്ല; യിസ്രായേലിൽനിന്നു ഉത്ഭവിച്ചവർ എല്ലാം യിസ്രായേല്യർ എന്നും*

Phil 3:3 *നാമല്ലോ പരിച്ഛേദനക്കാർ; ദൈവത്തിന്റെ ആത്മാവുകൊണ്ടു ആരാധിക്കയും*

fleettech@gmail.com

*ക്രിസ്തുയേശുവിൽ പ്രശംസിക്കയും ജഡത്തിൽ ആശ്രയിക്കാതിരിക്കയും ചെയ്യുന്ന നാം തന്നേ.*

Gal 6:17 Paul's Benediction

ഗലാത്യസഭയിൽ പൗലൂസിന്റെ അപ്പസ്തലത്വത്തിനെതിരായും, പൗലൂസിലൂടെ ഗലാത്യസഭയ്ക്കു നല്കപ്പെട്ട ദൈവവചനത്തിനെതിരായും ഉയർന്ന സകല വെല്ലുവിളികളും നിർത്തണം എന്ന് പൗലൂസ് അറിയിക്കുന്നു. ദൈവത്തിന്റെ മുദ്ര അഥവാ യേശുക്രിസ്തുവിൻ ചൂടടയാളം പൗലൂസ് ശരീരത്തിൽ വഹിക്കുന്നു.

അടിമകളുടെ ശരീരത്തിൽ ഉടമയുടെ അടയാളം പതിക്കുന്ന പതിവ് അന്നു നിന്നു. മൃഗങ്ങളുടെ മേലും ഇങ്ങനെ ഉടമസ്ഥന്റെ അടയാളം പതിക്കുമായിരുന്നു. "ഇരുമ്പു കൊണ്ടുള്ള അടയാളം" ചൂടാക്കി ത്വക്കിനു മുകളിൽ ഈ അടയാളം പതിപ്പിക്കുന്ന തിനെ പൗലൂസ് വിളിക്കുന്നു "ചൂടടയാളം"

സുവിശേഷ ഘോഷണത്തിനു മധ്യേ അനേക സ്ഥലങ്ങളിൽവച്ച് കല്ലേറും, ചാട്ടവാറു കൊണ്ടുള്ള അടിയും, മുറിവുകളും കൊണ്ട് പൗലൂസിന്റെ ശരീരം മുഴുവനും അതിന്റെ ഉണങ്ങിയ മുറിപ്പാടുകൾ ഉണ്ടായിരുന്നു.

ആ മുറിപ്പാടുകൾ വിളിച്ചറിയിച്ചു "പൗലൂസ് യേശുക്രിസ്തുവിന്റെ അടിമ"എന്ന്.

1 Cor 4:11 *ഈ നാഴികവരെ ഞങ്ങൾ വിശന്നും ദാഹിച്ചും ഉടുപ്പാൻ ഇല്ലാതെയും കുത്തുകൊണ്ടും സ്ഥിരവാസം കൂടാതെയും ഇരിക്കുന്നു.*

2 Cor 4:10-11 *യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ വെളിപ്പെടേണ്ടതിന്നു യേശുവിന്റെ മരണം ശരീരത്തിൽ എപ്പോഴും വഹിക്കുന്നു. ഞങ്ങളുടെ മർത്യശരീരത്തിൽ യേശുവിന്റെ ജീവൻ വെളിപ്പെടേണ്ടതിന്നു ജീവിച്ചിരിക്കുന്ന ഞങ്ങൾ എല്ലായ്പോഴും യേശുനിമിത്തം മരണത്തിൽ ഏല്പിക്കപ്പെടുന്നു.*

2 Cor 6:5 *തടവു, കലഹം, അദ്ധ്വാനം, ഉറക്കിളെപ്പു, പട്ടിണി, നിർമ്മലത, പരിജ്ഞാനം,*

2 Cor 6: 9 *ആരും അറിയാത്തവരെന്നിട്ടും എല്ലാവരും നല്ലവണ്ണം അറിയുന്നവർ, മരിക്കുന്നവരെന്നിട്ടും ഇതാ, ഞങ്ങൾ ജീവിക്കുന്നു; ശിക്ഷിക്കപ്പെടുന്നവരെന്നിട്ടും കൊല്ലപ്പെടാത്തവർ;*

2 Cor11:24-25 *യെഹൂദരാൽ ഞാൻ ഒന്നു കുറയ നാല്പതു അടി അഞ്ചുവട്ടം കൊണ്ടു; മൂന്നുവട്ടം കോലിനാൽ അടികൊണ്ടു; ഒരിക്കൽ കല്ലേറുകൊണ്ടു, മൂന്നുവട്ടം കപ്പൽച്ചേതത്തിൽ അകപ്പെട്ടു, ഒരു രാപ്പകൽ വെള്ളത്തിൽ കഴിച്ചു.*

Gal 6:18 വ്യക്തിപരമായ സംബോധന ഈ ലേഖനത്തിൽ കാണുന്നില്ല. എങ്കിലും വി. പൗലൂസ് ആശംസിക്കുന്നു "ഗലാത്യസഭ" കർത്താവായ യേശുക്രിസ്തുവിന്റെ കൃപയിൽ നിലനിൽക്കട്ടെ എന്ന്. മാത്രമല്ല ഇത്രമാത്രം വെല്ലുവിളി തനിക്കെതിരായി ഉയർത്തു മ്പോഴും "സഹോദരന്മാരെ" എന്നുള്ള ഈ വിളി മാത്രം മതിയല്ലോ പൗലൂസിനു ഗലാത്യസഭയോടുള്ള സ്നേഹത്തെ പ്രകടമാക്കുവാൻ.

ഗലാത്യസഭ, പൗലൂസിന്റെ ഈ ലേഖനം നിമിത്തം "വിശ്വാസത്താലുള്ള രക്ഷ"യി ലേക്ക് വീണ്ടും മടങ്ങി പഴയതിലും അധികം ആത്മീകകൃപ പ്രാപിച്ചു എന്ന് നമുക്ക് കരുതാം.

fleettech@gmail.com